ജില്ലാ കോടതി, തലശ്ശേരി,

ലേല പരസ്യം

തലശ്ശേരി ജില്ലാ കോടതി കോമ്പൗണ്ടിൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ മുൻവശത്തുള്ള പട്ടുകുറ്റൻ മഴമരത്തിന്റെ മുറിച്ചുമാറ്റപ്പെട്ട തടികളും വിറകുകളും ഈ കോടതിയുടെ 10.02.2022 തീയ്യതിയിലെ C1-9977/2021 നമ്പർ കത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് ഫോറസ്റ്റ് അസിസ്റ്റന്റ് കൺസർവേറ്റർ അദ്ദേഹത്തിന്റെ **13.04.2022** തീയ്യതിയിലെ **G-322/2022 (എൽ.ഡിസ്)** നമ്പർ കത്തിൽ ആകെ **13016/- (പതിമൂന്നായിരത്തി പതിനാറ്) രൂപ** വില നിശ്ചയിച്ച് അറിയിച്ചിട്ടുണ്ട്.

ആയതു പ്രകാരം താഴെ കൊടുത്തിട്ടുള്ള തടികളും വിറകുകളും തലശ്ശേരി കോടതി സെൻട്രൽ നാജർ ഓഫീസ് പരിസരത്ത് വെച്ചു **22-07-2025 തീയ്യതി ഉച്ചയ്ക്ക് 2.30** മണി സമയത്ത് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണെന്നു ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ലേലം ചെയ്യുന്ന തടികളുടെയും വിറകിന്റെയും വിവരങ്ങൾ

ഇനം	നെഞ്ചുയരം	തടിയുടെ വ്യാപ്തി (ഘനമീറ്റർ)	വിറകിന്റെ അളവ് (എം.ടി)	തടിയുടെ വില	വിറകിന്റെ വില	തടിയുടെ ആകെ വില	വിറകിന്റെ ആകെ വില	ആകെ
മഴമരം	270 cm x 204 cm	0.702	-	3630/എം3.	-	2548	-	
മഴമരം	440 cm x 160 cm	0.704	-	3630/എം3.	-	2556	-	
മഴമരം	350 cm x 100 cm	0.219	-	2970/എം3.	-	650	-	
മഴമരം	140 cm x 210 cm	0.386	2 എം.ടി	3630/എം3.	1770/ എം.ടി	1401	3540	
മഴമരം	350 cm x 160 cm	0.528	-	3630/എം3.	-	1917	-	
മഴമരം	180 cm x 110 cm	0.136	-	2970/എം3.	-	404	-	
						9476	**3540**	**13016/-**

(ആകെ 13016/- പതിമൂന്നായിരത്തി പതിനാറ് രൂപ മാത്രം)

ലേലം കൊണ്ടയാൾ തടി/വിറക് വിലയുടെ തുകയിൻ മേൽ 18% ജി. എസ്. ടി യും 5% വന വികസന നികുതിയും കൂടി അടക്കേണ്ടതും വന വികസന നികുതി **0406-01-101-96- Forest Development Tax** എന്ന ഹെഡിൽ **(DDO Code:1901-250-002)** പ്രത്യേകം ചലാൻ തയ്യാറാക്കി ട്രഷറിയിൽ അടച്ച് ഒറിജിനൽ രശീതി കണ്ണൂർ, കണ്ണോത്തുംചാൽ എന്ന സ്ഥലത്തുള്ള അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ ഏൽപ്പിക്കേണ്ടതുമാണ്. കൂടാതെ ലേലം കൊണ്ടയാൾ മേൽ കാണിച്ചിട്ടുള്ള തടി/വിറക് സ്വന്തം ചെലവിൽ എത്രയും പെട്ടന്ന് നീക്കം ചെയ്യേണ്ടതാണ്.

ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ജില്ലാ കോടതി ഓഫീസിൽ നേരിട്ട് അന്വേഷിച്ചാൽ മതിയാവുന്നതാണ്. ലേലം സംബന്ധിച്ച എല്ലാ കാര്യങ്ങളും തലശ്ശേരി ജില്ലാ ജഡ്ജി അവർകളുടെ കല്പനക്ക് വിധേയമായിരിക്കും.

ലേല തീയതി : **22-07-2025.**
ലേല സമയം : **2.30 PM**
ലേല സ്ഥലം : **സെൻട്രൽ നാജർ ഓഫീസ് ജില്ലാ കോടതി, തലശ്ശേരി.**

ജില്ലാ കോടതി, തലശ്ശേരി.
തീയ്യതി :14-07-2025.

(ഉത്തരവിൻ പ്രകാരം)

DISTRICT AND SESSIONS COURT * THALASSERY-670 101 *

ശിരസ്തദാർ
ജില്ലാ കോടതി, തലശ്ശേരി.

പകർപ്പ്:

1. ജില്ലാ കോടതി നോട്ടീസ് ബോർ ഡ്.
2. സബ് കോടതി നോട്ടീസ് ബോർ ഡ്.
3. മുൻസിഫ് കോടതി നോട്ടീസ് ബോർ ഡ്.
4. സെൻട്രൽ നാജർ ഓഫീസ് കോടതി നോട്ടീസ് ബോർ ഡ്.
5. ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി നോട്ടീസ് ബോർ ഡ്.
6. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി നോട്ടീസ് ബോർ ഡ്.
7. മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണൽ തലശ്ശേരി നോട്ടീസ് ബോർ ഡ്.
8. സെക്രട്ടറി, ബാർ അസ്സോസിയേഷൻ, തലശ്ശേരി.
9. താലൂക്ക് ഓഫീസ്, തലശ്ശേരി നോട്ടീസ് ബോർഡ്.
10. വില്ലേജ് ഓഫീസ് തലശ്ശേരി നോട്ടീസ് ബോർ ഡ്.
11. മുൻസിപ്പൽ ഓഫീസ് തലശ്ശേരി നോട്ടീസ് ബോർ ഡ്.
12. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി ഡബ്ല്യൂ ഡി ബിൽഡിംഗ്, തലശ്ശേരി (നോട്ടീസ് ബോർഡ്) .
13. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി ഡബ്ല്യൂ ഡി ബിൽഡിംഗ്, തലശ്ശേരി (നോട്ടീസ് ബോർഡ്) .
14. ജില്ലാ കോടതി വെബ്സൈറ്റ്.